കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ.193/2025 തിരുവനന്തപുരം, തീയതി: 30.08.2025

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല എഡ്യൂക്കേഷൻ പഠന വകുപ്പിൽ 2025 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎഡ് 2022-2024 ബാച്ച് (സി.എസ്.എസ്) സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ SLCM പ്രൊഫൈൽ മുഖേന വ്യക്തിഗത ഫലം പരിശോധിക്കാവുന്നതാണ്.

## പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എംഎ/എംഎസ്‌സി/എംകോം/ എംഎസ്‌ഡബ്ല്യൂ/എംടിഎ (മേഴ്സിചാൻസ് – 2001 - 2020 അഡ്മിഷൻ) സെപ്റ്റംബർ 2025 പരീക്ഷ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ 2025 സെപ്റ്റംബർ 10 വരെയും 150/- രൂപ പിഴയോടെ സെപ്റ്റംബർ 15 വരെയും 400/- രൂപ പിഴയോടെ സെപ്റ്റംബർ 17 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(**www.keralauniversity.ac.in**).

## കേരളസർവകലാശാല വിദൂരവിദ്യാഭ്യാസം: UG/PG പ്രോഗ്രാമുകളുടെ അഡ്മിഷൻ രജിസ്ട്രേഷൻ തീയതി നീട്ടിയിരിക്കുന്നു

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ 2025-2026 അദ്ധ്യയന വർഷം നാല് ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ലൈബ്രറി സയൻസ് ബിരുദ പ്രോഗാമിനും ലൈബ്രറി സയൻസ്, കംപ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ ബിരുദാനന്തര ബിരുദ പ്രോഗാമുകൾക്കുമാണ് അഡ്മിഷൻ നടത്തുന്നത്. എംഎസ്‌സി കമ്പ്യൂട്ടർ സയൻസ്, എംഎസ്‌സി മാത്തമാറ്റിക്സ് കോഴ്സുകൾക്കുള്ള അപേക്ഷ 2025 സെപ്റ്റംബർ 30 വരെയും MLISc, BLISc കോഴ്സുകൾക്കുള്ള അപേക്ഷ 2025 ഒക്ടോബർ 10 വരെയും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ ശരിപകർപ്പും അസ്സൽ സർട്ടഫിക്കറ്റുകളും ഓൺലൈൻ അപേക്ഷ സമർപ്പിച്ച് 10 ദിവസത്തിനകം കാര്യവട്ടത്തെ വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷിക്കുന്നതിനും മറ്റുവിവരങ്ങൾക്കും **www.ideku.net** സന്ദർശിക്കുക.

# <u>സൂക്ഷ്മപരിശോധന</u>

കേരളസർവകലാശാല 2024 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽഎൽബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 സെപ്റ്റംബർ 1, 2, 3 തീയതികളിൽ റീവാല്യുവേഷൻ ഇ.ജെ. **X** വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**